(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇന്ദിര ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് സഹായം

1 (1397) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമ പഞ്ചായത്തിലെ ചെറിയപ്പറ്റകണ്ണ് നാരായണൻ എന്ന ആൾക്ക് ഇന്ദിര ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കിൽ ധനസഹായം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമ പഞ്ചായത്തിലെ ചെറിയപ്പറ്റകണ്ണ് നാരായണൻ എന്ന ആളുടെ ഭാര്യ ജാനുവിന്റെ പേരിൽ 2004-05-ൽ ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായമായി 29,900 രൂപ നൽകിയിട്ടുണ്ട്. 2005-06 ൽ വീടുപണി പൂർത്തീകരിച്ചിട്ടുണ്ട്.

തീവ്രപങ്കാളിത്ത ആസൂത്രണ പദ്ധതി

2 (1398) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2015-16 വർഷത്തേക്ക് തീവ്രപങ്കാളിത്ത ആസൂത്രണ പദ്ധതി (Intensive participatory Planning Exercise) പ്രകാരം കേരളത്തിലെ ബ്ലോക്കുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഐ.പി.പി.ഇ. പ്രകാരം ജില്ലാടിസ്ഥാനത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തത് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ മറ്റ് ബ്ലോക്കുകളിൽ തൊഴിലുറപ്പ് നിയമമനുസരിച്ചുള്ള പദ്ധതി നടത്തിപ്പിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, പട്ടികജാതി/ പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീസാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങൾ വിലയിരുത്തി സംസ്ഥാനത്തെ 22 ബ്ലോക്കുകളിലാണ് ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ (IPPE) തൊഴിലുറപ്പ് പദ്ധതിയുടെ 2015-16 വർഷത്തെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കാൻ തെരഞ്ഞെടുത്ത ബ്ലോക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ (IPPE)-യുടെ പരിധിയിൽ വരാത്ത ബ്ലോക്കുകളിൽ, സംസ്ഥാന സർക്കാർ 2008 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അയൽക്കൂട്ടതലം മുതൽ ജില്ലാ പഞ്ചായത്ത് തലം വരെ ചർച്ച ചെയ്ത് ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, തയ്യാറാക്കിയ 2015-16 വർഷത്തെ സംസ്ഥാനത്തെ ലേബർ ബഡ്ജറ്റ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളികൾ

3 (1399) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അധികാരമേറ്റ ശേഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെലവഴിച്ച തുക വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly